പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5820. 03.11.2016 ന് മറുപടിയ്ക്ക്.

# വ്യവസായ പരിശീലന സ്ഥാപനങ്ങളിലെ അധ്യാപകർ

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി.എസ്.ജയലാൽ :
ശ്രീ. വി.ആർ. സുനിൽ കുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :

ഉത്തരം

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) വ്യവസായ പരിശീലന സ്ഥാപനങ്ങളിലെ അധ്യാപകരുടെ മികവും, കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിന് അവർക്ക് കാലാനുസൃതമായ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിശീലനങ്ങൾ എവിടെയൊക്കെ വച്ചാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(എ) ഉണ്ട്.

വ്യാവസായിക പരിശീലന വകുപ്പിലെ അധ്യാപകരുടെ മികവും, കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നത് വ്യാവസായിക പരിശീലന വകുപ്പിനു കീഴിൽ തന്നെ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കേരള (Suiit-Kerala) യുടെ നേതൃത്വത്തിലാണ്. ടി സ്ഥാപനം വഴി നൽകുന്ന വിവിധ പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇലക്ട്രോണിക്സ്, ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ, മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ്, മെക്കാനിക് പവർ ഇലക്ട്രോണിക്സ് തുടങ്ങിയ ട്രേഡിലെ ഇൻസ്ട്രക്ടർമാർക്ക് സ്കിൽ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം കഴക്കൂട്ടം സ്യൂട്ട്-കേരളയിൽ വച്ച് നൽകുന്നു.

2. കമ്പ്യൂട്ടർ അനുബന്ധ ട്രേഡിലെ ഇൻസ്ട്രക്ടർമാർക്ക് കഴക്കൂട്ടം സ്യൂട്ട് കേരള, ഐ.എം.ജി. എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ ലാബുകളിൽ പരിശീലനം നൽകുന്നു.

3. ചെന്നൈ, ഹൈദ്രാബാദ്, കൽക്കട്ട, കാൺപൂർ, മുംബൈ, ബംഗളൂരു, ലുധിയാന എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഡി.ജി.റ്റി ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വച്ച് ഷോർട്ട്ടേം ട്രെയിനിംഗുകളും മൂന്നുമാസം, ആറ് മാസം കാലാവധിയുള്ള പരിശീലനങ്ങളും നൽകുന്നു.

4. ഡി.ജി.റ്റി. ഡിസ്റ്റന്റ് ലേണിംഗ് പ്രോഗ്രാം അനുസരിച്ച് ട്രേഡുകളിലെ പരിഷ്കരിച്ച സിലബസ് പ്രകാരം കഴക്കൂട്ടം സ്യൂട്ട്-കേരള, ഐ.ടി.ഐ. കളമശ്ശേരി. വനിത ഐ.ടി.ഐ. കോഴിക്കോട് എന്നിവിടങ്ങളിൽ ട്രെയിനിംഗ് നൽകുന്നു.

5. കഴക്കൂട്ടം സ്യൂട്ട്-കേരളയുടെ നേതൃത്വത്തിൽ, കഴക്കൂട്ടം സ്യൂട്ട് ട്രെയിനിംഗ് ഹാളിൽ വച്ച് പരിഷ്കരിച്ച സിലബസിൽ പരിശീലനം നൽകുന്നു.

6. ഐ.എം.ജി.യുമായി സഹകരിച്ച് തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി ഐ.എം.ജി.കളിൽ വച്ച് സിലബസിലെ മാറ്റത്തിനനുസരിച്ച് പരിശീലനം നൽകുന്നു.

7. സൗകര്യപ്രദമായ ഐ.ടി.ഐ. കളിൽ വച്ച് പരിശീലകർക്ക് ഓഫ് കാമ്പസ് പരിശീലനം നൽകുന്നു.

8. കുസാറ്റ്, ടെലികോം ട്രെയിനിംഗ് സെന്റർ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയുമായി സഹകരിച്ച് മാറിയ സിലബസ് അനുസരിച്ചുള്ള സാങ്കേതികവിദ്യയിൽ പരിശീലനം നൽകുന്നു.

9. കെൽട്രോണുമായി സഹകരിച്ച് കമ്പ്യൂട്ടർ അനുബന്ധ മേഖലകളിൽ പരിശീലനം നൽകുന്നു.

10. കേരള വെൽഡിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഏലൂർ, ആലുവ-യുമായി സഹകരിച്ച് വെൽഡിംഗ് ട്രേഡിലെ ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നൽകുന്നു.

(ബി) കോഴിക്കോട് സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ എല്ലാ ട്രേഡുകളും ഉൾപ്പെടുത്തിയുള്ള പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ടി സ്ഥാപനം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ന്യൂഡൽഹിയുടെ അധികാര പരിധിക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ഇക്കാര്യത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആണ് തീരുമാനമെടുക്കേണ്ടത്.

(സി) കേരളത്തിന് പുറത്ത് അഡ്വാൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും മറ്റും പരിശീലനത്തിന് നിയോഗിക്കുന്ന അധ്യാപകർക്ക് ക്രമ പ്രകാരമുള്ള യാത്രാബത്തയും, ദിനബത്തയും ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി) കേരളത്തിന് പുറത്ത് പരിശീലനത്തിന് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമുള്ള യാത്രാബത്തയും ദിനബത്തയും പ്രഥമ പരിഗണന നൽകി ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ